# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 5479**

## ഇലക്ട്രോണിക് പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) ഇലക്ട്രോണിക് പാർക്കുകൾ സ്ഥാപിക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കാക്കനാട് ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ (EMC) സ്ഥാപിയ്ക്കാൻ കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയം തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇലക്ട്രോണിക് വ്യവസായ മേഖലയുടെ കുതിച്ചുചാട്ടത്തിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇലക്ട്രോണിക് വ്യവസായങ്ങൾക്കും അനുബന്ധ മേഖലകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ രൂപീകരിക്കുക വഴി ഈ മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അതുവഴി കയറ്റുമതി ഉൾപ്പെടെയുള്ള മേഖലകളിൽ കൂടുതൽ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും ലക്ഷ്യമിടുന്നു. |
| (സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ | (സി) 2012ലെ ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ പോളിസി അനുസരിച്ച് ഓരോ 100 ഏക്കർ സ്ഥലം ഇലക്ട്രോണിക് സിസ്റ്റം ഡിസൈനർ മാനുഫാക്ച്ചറിംഗ് സെക്ടറിനു വേണ്ടി വികസിപ്പിക്കുമ്പോൾ ആകെ പ്രോജക്ട് ചിലവിന്റെ 50% (പരമാവധി 50 കോടി രൂപ ഓരോ 100 ഏക്കറിനും) ഗ്രാന്റ് ഇൻ എയ്ഡ് ആയി ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കുന്നതാണ്. |
| (ഡി) ഇതിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) കിൻഫ്രയുടെ കൈവശമുള്ള കാക്കനാട് ഇലക്ട്രോണിക് പാർക്കിലെ ഭൂമിയിലാണ് ഈ EMC വികസിപ്പിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പുരോഗമിച്ചു വരുന്നു. |

കൂടാതെ, കൊച്ചിയിലെ ആമ്പല്ലൂരിൽ കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കാനുദ്ദേശി ക്കുന്ന ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതി നുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. പരിസ്ഥിതി ആഘാത പഠനത്തിനുള്ള നടപടികളും പുരോഗമിക്കുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രത്തിലേക്ക് അപേക്ഷ സമർപ്പി യ്ക്കുവാൻ സാധിയ്ക്കും.

സെക്ഷൻ ഓഫീസർ